നമ്പർ.എച്ച്2/44444/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി. 08/01/2018.

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - എയ്ഡഡ് - അധിക തസ്തികകളിൽ നിയമനാംഗീകാരം ലഭിച്ചവർ സംരക്ഷണാനുകൂല്യമില്ലാതെ പുറത്തായതു സംബന്ധിച്ച്

സൂചന : 29/01/2016-ലെ സ.ഉ(പി) നമ്പർ 29/2016/പൊ.വി.വ

സൂചനയിലെ ഉത്തരവിലെ ഖണ്ഡിക I (5) പ്രകാരം 2011-12 മുതൽ 2014-15 വരെ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നീ റഗുലർ തസ്തികകളിൽ നിയമനാംഗീകാരം ലഭിച്ചവരെയാണ് സംരക്ഷണാനുകൂല്യമുള്ളവരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 2011-12 മുതൽ 2014-15 വരെ അധിക തസ്തികകളിൽ നിയമനം നേടി അംഗീകരി ക്കപ്പെട്ടവരെ ഒഴിവാക്കിയിട്ടുമുണ്ട്. ഇത്തരം അധ്യാപകർ തസ്തിക നഷ്ടപ്പെട്ട് പുറത്തായാൽ അവർക്ക് സംരക്ഷണാനുകൂല്യം നൽകിയിട്ടില്ലാത്തതിനാൽ പുനർവിന്യസം നൽകാനാവില്ല.

2011-12 മുതൽ 2014-15 വരെ അധിക തസ്തികകളിൽ നിയമനാംഗീകാരം നേടുകയും 2015-16, 2016-17, 2017-18 വർഷങ്ങളിൽ തസ്തിക നഷ്ടം വന്ന് പുറത്താവുകയും ചെയ്ത ജീവനക്കാരുടെ വിവരങ്ങൾ ഇതോടൊപ്പമുള്ള Form I-ൽ വിവരങ്ങൾ രേഖപ്പെടുത്തി അത് എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും 16/01/2018-നകം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവയിലെ വിവരങ്ങൾ ക്രോഡീകരിച്ച് (അതേ ഫോർമാറ്റിൽ) 18/01/2018-ന് വൈകീട്ട് 5 മണിക്കകം ഡയറക്ടറേറ്റിൽ hsectiondpi@gmail.com എന്ന e-mail വിലാസത്തിൽ എത്തിക്കേണ്ടതുമാണ്.

ഈ കത്തിനോടൊപ്പമുള്ള Form II-ൽ 2015-16 മുതൽ സർവീസിൽ പ്രവേശിച്ചവർക്ക് (അധിക തസ്തികകളിലുള്ളത് ഉൾപ്പെടെ) 2016-17, 2017-18 വർഷങ്ങളിൽ തസ്തിക നഷ്ടമായിട്ടുണ്ടെങ്കിൽ അവരുടെ വിവരങ്ങൾ രേഖപ്പെടുത്താനുള്ളതാണ്. എത്തിക്കേണ്ട രീതിയും സമയക്രമവും മേൽപറഞ്ഞതു തന്നെ.

ഇതോടൊപ്പമുള്ള Form III, IV എന്നിവ യഥാക്രമം Form I-ലെയും II-ലെയും വിവരങ്ങൾ തസ്തികകളുടെ അടിസ്ഥാനത്തിൽ സംഖ്യാപരമായി ക്രോഡീകരിക്കാനുള്ളതാണ്.

ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മേൽപറഞ്ഞ I മുതൽ IV വരെയുള്ള ഫോറങ്ങളും വിവരങ്ങൾ രേഖപ്പെടുത്തി (ഇല്ലെങ്കിൽ 'NIL' റിപ്പോർട്ട്) വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകണം. വിദ്യാഭ്യാസ ഉപഡയറക്ടർമാരും ടി നാല് ഫോറങ്ങളിലാണ് ജില്ലയിലെ

വിവരങ്ങൾ ക്രോഡീകരിച്ചു നൽകേണ്ടത്. എല്ലാ ഫോറങ്ങളും എക്സൽ ഫോർമാറ്റിലുള്ളതാണ്. ഇതിന്റെ ഫോർമാറ്റോ കോളങ്ങളോ മാറ്റാതെ വേണം വിവരങ്ങൾ നൽകേണ്ടത് എന്ന കാര്യം പ്രത്യേകം ഓർമിപ്പിക്കുന്നു. എല്ലാ ഫോറങ്ങളും വിവരങ്ങൾ രേഖപ്പെടുത്തി വിദ്യാഭ്യാസ ഉപഡയറക്ടർമാർ 18/01/2018-ന് വൈകീട്ട് 5 മണിക്കു മുമ്പ് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2016-17-ലെ തസ്തികനിർണയ പ്രവർത്തനങ്ങളെല്ലാം ഡിസംബർ 23-നു തന്നെ അവസാനിച്ചിട്ടുണ്ടാകും എന്നു കരുന്നു. ഫയലുകളുടെ റിവ്യൂ കൂടി നിർദിഷ്ട സമയത്തിനുള്ളിൽ പൂർത്തിയാക്കണം. എന്നാൽ 19/12/2017 മുതലുള്ള നിയമനം, നിയമനാംഗീകാരം, സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസം എന്നീ കാര്യങ്ങളിൽ ബഹു. ഹൈക്കോടതിയുടെ 19/12/2017-ലെ ഇടക്കാല വിധിന്യായം (റിട്ട് അപ്പീൽ നമ്പർ 2440/2017 തുടങ്ങിയ കേസുകൾ) നിർബന്ധമായും പാലിക്കണം.

വിശ്വസ്തതയോടെ

Saratchandran

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

ഉള്ളടക്കം :

ഫോറങ്ങൾ I മുതൽ IV വരെ